"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ആലപ്പുഴ കരിനില വികസന ഏജൻസിയിലെ ബോട്ട് സ്രാങ്ക് തസ്തിക, ആലുവ സ്റ്റേറ്റ് സീഡ് ഫാമിലേയ്ക്ക് മാറ്റി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.272/2024/AGRI തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. സ.ഉ(പി) നം.102/2017-ധന; തീയതി 07/08/2017.
2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 04.03.2023-ലെ ADFW/338/2020-SH1 നമ്പർ കത്ത്.
3. സ.ഉ(സാധാ )നം. 554/2023/അഗ്രി ; തീയതി 06/06/2023.

**ഉത്തരവ്**

ആലപ്പുഴ കരിനില വികസന ഏജൻസിയിലെ ബോട്ട് ഡ്രൈവർ, ബോട്ട് സ്രാങ്ക് തസ്തികകൾ ആലുവ സ്റ്റേറ്റ് സീഡ് ഫാമിലേയ്ക്ക് മാറ്റി അനുവദിക്കണമെന്ന് കൃഷി ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിനു ശേഷം പരാമർശം (3) പ്രകാരം ആലപ്പുഴ പുറക്കാട് കരിനില വികസന ഏജൻസിയിലെ ബോട്ട് ഡ്രൈവർ തസ്തികയിൽ നിലവിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല എന്നത് കണക്കിലെടുത്ത് പ്രസ്തുത തസ്തിക, ആലുവ സ്റ്റേറ്റ് സീഡ് ഫാമിലേയ്ക്ക് മാറ്റി അനുവദിച്ചിരുന്നു.

എന്നാൽ കൃഷി ഡയറക്ടറുടെ പരാമർശം (2) കത്തിൽ ആവശ്യപ്പെട്ടത് പ്രകാരം, പരാമർശം (1) സർക്കാർ ഉത്തരവിന്റെ Annexure-I-ലെ Serial Number-1-ലെ വ്യവസ്ഥകൾക്ക് വിധേയമായി, ആലപ്പുഴ കരിനില വികസന ഏജൻസിയിലെ ഒരു ബോട്ട് സ്രാങ്ക് തസ്തിക കൂടി ആലുവ സ്റ്റേറ്റ് സീഡ് ഫാമിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സ.ഉ.(സാധാ) നം.272/2024/AGRI

സെക്ഷൻ ഓഫീസർ